## സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളും മറുപടി പറയുന്ന മന്ത്രിമാരും വിഷയം ചുരുക്കിപ്പറയണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

### തൃശ്ശൂർ മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിലെ ദയനീയസ്ഥിതി ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ചതും ഇപ്പോൾ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചതുമായിട്ടുള്ള പല പദ്ധതികളും ഇന്ന് അവതാളത്തിലായിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച 400 കിടക്കകളുള്ള ആശുപത്രിക്കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാതെ കിടക്കുന്ന സ്ഥിതിയാണുള്ളത്. കാഷ്വാലിറ്റിയുടേയും ലാബിന്റേയും നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. നാല് മണിക്കൂർ മാത്രമാണ് ഇപ്പോൾ ശുദ്ധജലം ലഭിക്കുന്നത്. വെള്ളം ലഭിക്കാനുള്ള യാതൊരു സാഹചര്യവുമില്ലാത്തതിന്റെ ഫലമായി ജനങ്ങളും രോഗികളുമെല്ലാം വലിയ പ്രയാസത്തിലാണ്. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കുകയും കേന്ദ്ര പൊതുമേഖലാ സ്ഥാപനം അത് ഏറ്റെടുത്ത് നടപ്പിലാക്കാൻ മുന്നോട്ടുവരികയും ചെയ്തെങ്കിലും അതിന്റെ പ്രവർത്തനം ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവിടെ ദന്തൽ കോളേജ് ആരംഭിക്കാമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവെഹ്കിലും ദന്തൽ കോളേജ് ആരംഭിക്കാനുള്ള നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഫാർമസി കോളേജ്

ആരംഭിക്കാനും നടപടിയായിട്ടില്ല. ആയിരത്തിലധികം ജീവനക്കാരും അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരുപാട് ട്രാൻസാക്ഷൻസും നടക്കുന്ന കേന്ദ്രമായതിനാൽ അവിടെ ട്രഷറി സ്ഥാപിക്കാമെന്ന് നേരത്തെ പറഞ്ഞിരുന്നുവെങ്കിലും ഇതുവരേയും ട്രഷറിയും സ്ഥാപിച്ചിട്ടില്ല. ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കാമെന്ന് പറഞ്ഞിട്ട് അതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. മൊത്തത്തിൽ ഒരു മെഡിക്കൽ കോളേജിന്റെ യാതൊരു സൗകര്യവുമില്ലാത്ത അവസ്ഥയിലേയ്ക്ക് തൃശ്ശൂർ മെഡിക്കൽ കോളേജ് മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രവർത്തനമാകെ സ്തംഭിക്കുന്ന സ്ഥിതിവിശേഷത്തിലെത്തിയിരിക്കുകയാണ്. എത്രയുംപെട്ടെന്ന് ഗവൺമെന്റ് ഇടപെടേണ്ട ഒരു സന്ദർഭമാണ് അവിടെയുള്ളത്. പോസ്റ്റുമോർട്ടം റിപ്പോർട്ടും മറ്റ് കാര്യങ്ങളുമൊക്കെ നടത്തുന്നതിനെ സംബന്ധിച്ചുള്ള ധാരാളം പരാതികൾ വരികയാണ്. പ്രധാനപ്പെട്ട പോസ്റ്റുമോർട്ടം റിപ്പോർട്ടുകൾപോലും നഷ്ടപ്പെട്ടിരിക്കുന്നുവെന്നുള്ള വാർത്ത വന്നിരിക്കുകയാണ്. പ്രമാദമായിട്ടുള്ള പല കൊലപാതക കേസ്സുകളുടേയും പോസ്റ്റുമോർട്ടം റിപ്പോർട്ടുകൾ നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. ഉദാഹരണമായി, സൗമ്യ വധം, സമ്പത്ത് കൊലക്കേസ് എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള റിപ്പോർട്ടുകളുമെല്ലാം തന്നെ നഷ്ടപ്പെട്ടിരിക്കുന്നുവെന്നുള്ള വാർത്തകളാണ് വരുന്നത്. ഈ സബ്മിഷൻ ഉന്നയിക്കുന്ന സന്ദർഭത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആകെ 8 എക്സ്റേ യന്ത്രങ്ങളാണ് പ്രവർത്തിച്ചിരുന്നത്. അതിൽ 7 എണ്ണവും പ്രവർത്തനരഹിതവും ഒരെണ്ണം മാത്രമാണ് പ്രവർത്തിച്ചിരുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. പക്ഷേ ഇന്നലെ മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്ത അനുസരിച്ച് പ്രവർത്തിച്ചിരുന്ന എക്സ്റേ മെഷീനും

പ്രവർത്തനരഹിതമായിരിക്കുകയാണ്. എല്ലാ അർത്ഥത്തിലും അവിടത്തെ പ്രവർത്തനം സ്തംഭിച്ചു കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ട് തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തൃശ്ശൂർ മെഡിക്കൽ കോളേജിൽ ജെ1, ജെ2, ജെ3 അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റേയും 400 കിടക്കകളുള്ള വാർഡ് രണ്ടാമത്തെ ബ്ലോക്ക്, 400 കിടക്കകളുള്ള വാർഡ് മൂന്നാമത്തെ ബ്ലോക്ക് എന്നിവയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ആഗസ്റ്റ് മാസത്തിൽ പൂർണ്ണമാകും. ഈ കെട്ടിടങ്ങൾ ഉപയോഗയോഗ്യമാകുന്നതോടുകൂടി തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും വിവിധ ഡിപ്പാർട്ടുമെന്റുകളും നിലവിലുള്ളതും പുതിയതുമായ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളും 800 കിടക്കകളുള്ള കെട്ടിടത്തിലേയ്ക്ക് മാറും. ഈ ആവശ്യത്തിലേയ്ക്കായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ തൃശ്ശൂർ, ആലപ്പുഴ ദന്തൽ കോളേജുകൾക്കുവേണ്ടി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ ഫാർമസി കോളേജ് തുടങ്ങുമെന്ന് 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഫാർമസി കോളേജിൽ ഡി.ഫാം, ബി.ഫാം, എം.ഫാം കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ

തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. അവിടെ കാർഡിയോ തൊറാസിക് സർജറി ഡിപ്പാർട്ട്മെന്റിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി പ്ലാനിംഗ് ബോർഡിന് കൈമാറിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒഴിഞ്ഞുകിട ക്കുന്ന കാർഡിയോ തൊറാസിക് പ്രൊഫസർ തസ്തിക തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുകയും പുതിയ ഡിപ്പാർട്ട്മെന്റ് തുടങ്ങുകയും ചെയ്യാനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്. ഈ ഡിപ്പാർട്ട്മെന്റി നാവശ്യമായ സ്ഥലം, 400 കിടക്കകളുള്ള വാർഡിന്റെ പണി മൂന്നാമത്തെ ബ്ലോക്കിൽ പൂർത്തിയായിവരുന്നു. റേഡിയോ തെറാപ്പി വിഭാഗത്തി ലേയ്ക്കാവശ്യമായ ലീനിയർ ആക്സിലറേറ്റർ, സി.ടി. സ്റ്റിമുലേറ്റർ, ഡയഗ്നോസ്റ്റിക് ലാബിലേയ്ക്ക് ആവശ്യമായ റിയർ ടൈം പി.സി.ആർ. എന്നിവ വാങ്ങുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോ സൽ സമർപ്പിച്ചിട്ടുണ്ട്. പി.ജി. വിദ്യാർത്ഥികൾക്കുള്ള റെസിഡൻഷ്യൽ ക്വാർട്ടേഴ്സ് ആരംഭിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ജല ദൗർലഭ്യ പരിഹാരത്തിനായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 6.75 കോടി രൂപയുടെ ഭരണാനുമതിയും അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കു ന്നതിനായി 41.83 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ നിലവിൽ ലഭ്യമാണ്, ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനം സംബന്ധിച്ച

അവലോകന യോഗം ഈ മാസം 7-ാം തീയതി തൃശ്ശൂർ വച്ച് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അവിടെ വച്ച് ബന്ധപ്പെട്ട എല്ലാപേരെയും അറിയിച്ചശേഷം ആ യോഗം കൂടുന്നതാണ്. ആ യോഗത്തിൽ വച്ച് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച എല്ലാ വിഷയങ്ങളെക്കുറിച്ചും ചർച്ചചെയ്ത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കിൽഡ് തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

ശ്രീ. പി. തിലോത്തമൻ: സർ, പൊതുമേഖലാ സ്ഥാപനമായ ചേർത്തല ഓട്ടോകാസ്റ്റിൽപത്തും അതിലേറെയും വർഷമായി ജോലിചെയ്തുകൊണ്ടിരുന്ന തൊഴിലാളികളെ പിരിച്ചുവിട്ട് പുതിയ ആളുകളെ നിശ്ചയിക്കുന്നതിനുള്ള പരസ്യം ഇന്ന് മാനേജുമെന്റ് കൊടുത്തിരിക്കുകയാണ്. കഴിഞ്ഞ പത്തിലേറെ വർഷമായി ജോലിചെയ്തുകൊണ്ടിരുന്ന ഇവർ സ്കിൽഡ് തൊഴിലാളികളാണ്. അവരിലേറെ തൊഴിലാളികളും ഡിപ്ലോമ ഹോൾഡേഴ്സ് ആണ്. അവർ ഏറ്റവും അവസാനം വാങ്ങിയ കൂലി 265 രൂപയാണ്. വളരെ പരിമിതമായ വേതനം പറ്റിക്കൊണ്ട്, മറ്റ് യാതൊരുവിധ ആനുകൂല്യങ്ങളും കൊടുക്കാതെ, സ്വകാര്യ മുതലാളിയെപ്പോലെ പണിയെടുത്തുകൊണ്ടിരുന്ന സ്ഥാപനമാണ് ചേർത്തല ഓട്ടോകാസ്റ്റ്. അവർക്ക് ഇ.എസ്.ഐ., പി.എഫ്. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള മാനദണ്ഡം സ്വീകരിച്ചപ്പോഴാണ് അവരെ പിരിച്ചുവിട്ടുകൊണ്ടുള്ള നടപടി മാനേജുമെന്റ് സ്വീകരിച്ചത്. എന്നാൽ കഴിഞ്ഞ പത്തുവർഷക്കാലം ചേർത്തല ഓട്ടോകാസ്റ്റിനെ മുന്നോട്ടു നയിച്ചത്, അവരുടെ ആത്മാർത്ഥവും സമർപ്പിതവുമായ നിർവ്വഹണമാണ്, അത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. എന്നാൽ അതൊന്നും കാണാതെ, കണ്ണിൽച്ചോരയില്ലാത്ത നട

പടിയാണ് ഇപ്പോൾ മാനേജുമെന്റ് സ്വീകരിച്ചിരിക്കുന്നത്. മഹാഭൂരിപക്ഷം ആളുകളും പ്രായപരിധി കഴിഞ്ഞവരാണ്. പുതിയതായി ഒരു ജോലിക്ക് പോകാൻ കഴിയാത്ത ആളുകളോട്, ഇത്ര നിഷ്ഠൂരമായി പെരുമാറുന്ന മാനേജുമെന്റിന്റെ നടപടി അവസാനിപ്പിക്കുവാനും സ്ഥിരമായി എല്ലാ ആനുകൂലൃങ്ങളും നൽകി ആ ജീവനക്കാരെ സ്ഥിരപ്പെടുത്താനുമാവശ്യമായ നടപടി മാനേജുമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഈ കാര്യങ്ങളൊക്കെ നേരത്തെ തന്നെ പരിശോധിച്ച് നടപടിയെടുത്തതാണ്. ഇപ്പോൾ പ്രത്യേകിച്ച് നടപടിയൊന്നും ഉണ്ടായിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഈ നടപടി ഉണ്ടായത്. ഇവർ താൽക്കാലിക ജീവനക്കാരായതുകൊണ്ട് അവരെ സ്ഥിരപ്പെടുത്താൻ പറ്റുകയില്ല എന്നുള്ള നിലപാടാണ് കമ്പനി തുടർച്ചയായി എടുത്തുവരുന്നത്. എന്തായാലും ഈ കാര്യം ഒന്നുകൂടി പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഉറപ്പുപറയാൻ കഴിയില്ല. കാരണം, നിയമപരമായി പറ്റില്ലായെന്നുള്ള നിലയിലാണ് നോട്ട് വന്നിരിക്കുന്നത്. ഈ കാര്യത്തിന് നേരത്തെ തീരുമാനമെടുത്തതാണ്. എന്തായാലും ഒന്നു കൂടി പരിശോധിക്കുന്നതാണ്.

## സ്പെഷ്യൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പാക്കേജ്

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ബാലുശ്ശേരി മണ്ഡലത്തിൽപ്പെട്ട കിനാലൂരിലെ കെ.എസ്.ഐ.ഡി.സി ഇതുവരെ 30-ഓളം വ്യവസായ യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. ഭാരത് പെട്രോളിയം കോർപ്പറേഷന്റെ പാചക

വാതകം നിറയ്ക്കുന്ന ഒരു ബോട്ട്ലിംഗ് പ്ലാന്റ് തുടങ്ങുമെന്നും പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ വി.കെ.സി ഗ്രൂപ്പിൽപ്പെട്ട ഡെമസ്കോ ഫുട്വെയർ കമ്പനി, ജോഗൽ ചപ്പൽസ്, സേതു ഷൂസ് എന്നിവ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. പനങ്ങാട് പഞ്ചായത്തിന്റെ വനിതാ ഇൻഡസ്ട്രിയൽ പീറ്റേഴ്സ് പാർക്ക്, അലൂമിനിയം ഫാബ്രിക്കേഷൻ കമ്പനി എന്നിവയ്ക്ക് സ്ഥലം നൽകിയിട്ടുണ്ട്. ലോകപ്രശസ്തമായി മാറിയ ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സ്-ന്റെ അതിവിപുലമായ സൗകര്യത്തോടുകൂടിയ സിന്തറ്റിക് ട്രാക്ക്, സ്കൂൾ തുടങ്ങിയവ കേരളത്തിന് മാത്രമല്ല ഇന്ത്യക്ക് തന്നെ അഭിമാനകരമാണ്. കഴിഞ്ഞ ദിവസം സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടി ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് അവിടെ ഉദ്ഘാടനം ചെയ്യുകയും ഇലക്ട്രിക് സബ്സ്റ്റേഷൻ ഉടനെ വരുമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. 300 എക്കറിലധികം വരുന്ന ഭൂമിയും കെട്ടിട സമുച്ചയവുമുൾപ്പെടുന്ന അതിവിപുലമായ പശ്ചാത്തലസൗകര്യമുള്ള പ്രകൃതിരമണീയമായ ഈ സ്ഥലത്ത് സ്പെഷ്യൽ ഇൻഡസ്ട്രിയിൽ ഡെവലപ്മെന്റ് പാക്കേജ് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. വൈദ്യുതി, വെള്ളം തുടങ്ങിയവ ഉറപ്പുവരുത്താൻ കെ.എസ്.ഐ.ഡി.സി ശ്രദ്ധിക്കണം. ചെറുകിട കമ്പനികളെ മാത്രമല്ല, വൻകിട കമ്പനികളെക്കൂടി ആകർഷിക്കത്തക്ക തരത്തിൽ അവിടെ റോഡ് സൗകര്യവും മറ്റ് കാര്യങ്ങളുമൊക്കെ ശ്രദ്ധിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. എം. എൽ.എ. എന്ന നിലയിൽ ജനങ്ങൾക്കുവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) സർ, കിനാലൂർ വ്യവസായ എസ്റ്റേറ്റ് ഏതെങ്കിലും തരത്തിൽ ഉപയോഗപ്പെടുത്തണമെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം. ഇപ്പോൾ അവിടെ ഇൻഫ്രാസ്ട്രക്ച്ചറൊക്കെയുണ്ട്. അതു കൊണ്ട് ഇപ്പോഴുള്ളതിനുപുറമെ വളരെ നല്ലൊരു പ്രൊപ്പോസൽ കണ്ടുപി ടിച്ച് വളരെ നന്നായി ഉപയോഗിക്കണമെന്നാണ് കരുതുന്നത്. ബഹുമാന പ്പെട്ട എം.എൽ.എ ഒന്നിലധികം തവണ ഈ കാര്യങ്ങൾ സംസാരിച്ചിരുന്നു. തീർച്ചയായും, എമർജിംഗ് കേരളയുടെ പശ്ചാത്തലത്തിൽ, വളരെ നല്ല പ്രോജക്ടുകൾ എന്തെങ്കിലും കണ്ടുപിടിച്ച് കിനാലൂർ എസ്റ്റേറ്റ് പ്രവർത്തന ക്ഷമമാക്കാൻ, വ്യവസായം കൊണ്ടുവരാനുള്ള നടപടികളെടുക്കുമെന്നാണ് പറയാനുള്ളത്.

റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇരിങ്ങാലക്കുടയിൽ റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കണമെന്നതാണ് എന്റെ സബ്മിഷൻ. നിലവിൽ തൃശ്ശൂരുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീ സിന്റെ കീഴിൽ 4 താലൂക്കുകളിലായി 5 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളാണുള്ളത്. തൃശ്ശൂരുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീ സിൽ വലിയ തിരക്കാണനുഭവപ്പെടുന്നത്. 31-03-2011-ലെ കണക്കനുസ രിച്ച് ജില്ലയിൽ സർവ്വീസ് നടത്തുന്ന 1500-ലധികം ബസുകളുടെയും 1450-ൽപ്പരം നാഷണൽ പെർമിറ്റ് ഗുഡ്സ് വെഹിക്കിളുകളുടെയും ആൾ ഇന്ത്യ ടൂറിസ്റ്റ് വാഹനങ്ങളുടെയും മറ്റിതര വാഹനങ്ങളുമുൾപ്പെടെ ഏതാണ്ട് 727154 വാഹനങ്ങളുടെ കാര്യങ്ങളാണ് ഈ ഓഫീസുമായി ബന്ധപ്പെട്ട്

നിർവഹിക്കേണ്ടത്. ഭരണപരമായുള്ള മറ്റ് കാര്യങ്ങളും തൃശൂരുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലാണ് നിർവഹിക്കപ്പെടുന്നത്. ഇത് ഭരണപരമായ തിരക്കുകൾ കൂടുതലായുണ്ടാകുന്നതിനും യഥാസമയം ജനങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കപ്പെടാതിരിക്കാനുള്ള സാധ്യതയും അതുവഴി അഴിമതിക്കും വഴിവയ്ക്കുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ എന്നീ കോർപ്പറേഷനുകളിൽ, തിരുവനന്തപുരത്തിന് പുറമെ ആറ്റിങ്ങലിലും എറണാകുളത്തിനുപുറമെ മൂവാറ്റുപുഴയിലും കോഴിക്കോടിന് പുറമെ വടകരയിലും റൂറൽ ട്രാൻസ്പോർട്ട് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ നാലാമത്തെ കോർപ്പറേഷനായ തൃശ്ശൂർ കോർപ്പറേഷന് മാത്രമാണ് റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഇല്ലാത്തത്. ഏറ്റവും കൂടുതൽ തിരക്കനുഭവപ്പെടുന്ന ജില്ലകളിൽ ഒന്നാണ് തൃശ്ശൂരുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്. 2008-ൽ ഗവൺമെന്റിലേയ്ക്ക് ഇത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും അത് നിർവഹിക്കപ്പെട്ടിട്ടില്ല. വീണ്ടും 02-03-2012-ൽ തൃശ്ശൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നിന്നും ഇരിങ്ങാലക്കുടയിൽ റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് അനുവദിക്കണമെന്ന് റെക്കമന്റ് ചെയ്തുകൊണ്ടുള്ള ഒരു സ്പെഷ്യൽ റിപ്പോർട്ട് ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന് കരുതുകയാണ്. ബഹുമാന്യനായ മന്ത്രിക്ക് ഈ വിഷയത്തിന്റെ ഗൗരവമറിയാം. അങ്ങ് ഈ കാര്യത്തിൽ സഹായിക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്താണ് റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ വാഹനങ്ങളുടെ എണ്ണം ഏറ്റവും കൂടിയ സ്ഥലമാണ് തൃശ്ശൂർ. അതുപോലെ സ്റ്റാറ്റിസ്റ്റിക്സ് നോക്കിയാൽ ഇരിങ്ങാലക്കുടയിലും കൊട്ടാരക്കരയിലും മലപ്പുറത്ത് തിരൂരിലും റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിനുള്ള സാധ്യതയുണ്ട്. ഈ മൂന്ന് സ്ഥലങ്ങളിലും ഈ ഓഫീസുകൾ തുടങ്ങേണ്ട കാര്യത്തെക്കുറിച്ച്, റീസ്ട്രക്ച്ചറിംഗിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സാമ്പത്തികപ്രയാസമാണ് കാരണം. എന്നാലും ഇത് വളരെ അത്യാവശ്യമാണെന്ന് തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനുവേണ്ടിയുള്ള പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണ്.

എഞ്ചിനീയറിംഗ് പരീക്ഷകളിൽ വിദ്യാർത്ഥികളുടെ കൂട്ടതോൽവി

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, കേരളത്തിൽ എഞ്ചിനീയറിംഗ് പരീക്ഷകളിൽ കൂട്ടത്തോൽവി സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വളരെ ആശങ്കാജനകമായിട്ടുള്ള അവസ്ഥാവിശേഷമാണ് വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ചിട്ടുള്ളത്. നമ്മുടെ കുട്ടികൾ വളരെ താല്പര്യത്തോടുകൂടിയാണ് പല കോഴ്സുകൾ തെരഞ്ഞെടുത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് കുതിപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ കൂട്ടത്തോടെ തോൽക്കുന്നത് വലിയൊരു സമസ്യയായി മാറിയിരിക്കുകയാണ്.. ബി.ടെക് ഒരു ഗ്ലാമർ കോഴ്സായിട്ടാണ് മലയാളികൾ കണ്ടിരുന്നത്. ഇന്ന് ബി.ടെക് മേഖലയിൽ വ്യാപകമായിട്ടുള്ള പരാജയമാണ് കാണുന്നത്. എല്ലാ സർവകലാശാലകളിലുംകൂടി 50 ശതമാനത്തിൽ താഴെ കുട്ടികൾ മാത്രമാണ് ജയിക്കുന്നത്.

എഞ്ചിനീയറിംഗിന് ചേരുന്ന രണ്ട് മലയാളികളിൽ ഒരു കുട്ടി തോൽക്കുകയാണ്. അതായത് അരലക്ഷം പേർ ചേരുമ്പോൾ കാൽ ലക്ഷം കുട്ടികൾ തോൽക്കുന്ന സ്ഥിതിയാണുളളത്. ചിലർ വീണ്ടും വീണ്ടും പരീക്ഷയെഴുതി ജയിക്കുന്നു. പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ പരീക്ഷയെഴുതിയിട്ട് പാസ്സാകാതെ പരാജയത്തിന്റെ കയത്തിലേയ്ക്ക് വീഴുകയാണ്. അതിലൊരു പാട് സാമൂഹ്യ പ്രശ്നങ്ങളും മാനസിക പ്രശ്നങ്ങളുമുണ്ട്. ബാക്ക് പേപ്പർ സിൻഡ്രം പോലുള്ള മാനസിക രോഗങ്ങൾ വിദ്യാർത്ഥികളെ ബാധിക്കുന്നു. സ്വാശ്രയ കോളേജുകളുടെ സ്ഥിതി വളരെ കഷ്ടമാണ്. പല സ്വാശ്രയ കോളേജുകളിലും വിജയശതമാനം വളരെ താഴെയാണ്. ഏതെങ്കിലും ഒരു വിഷയം പഠിക്കാൻ ഒരു വ്യക്തിയിൽ അടിസ്ഥാനപരമായിട്ടുള്ള അഭിരുചി യുണ്ടായിരിക്കണം. കുട്ടികളുടെ അഭിരുചി നോക്കാതെ രക്ഷിതാക്കളുടെ താല്പര്യത്തിനുവേണ്ടി കുട്ടികളെ ഓരോ കോഴ്സിലേയ്ക്ക് എഴുന്നള്ളിച്ച് പെരുമ നടിക്കാനും മേന്മ കാട്ടാനും വേണ്ടി അടുത്ത കാലത്ത് വിദ്യാഭ്യാസ രംഗത്ത് മലയാളികൾക്കിടയിലുണ്ടായിട്ടുള്ള തെറ്റായ പ്രവണതകളാണ് പരാജയത്തിലേയ്ക്ക് നയിച്ചിട്ടുള്ളത്. കേരളത്തിലെ സർവകലാശാലകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. കൊച്ചി സർവകലാശാലയിൽ 24 എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. 2009-ലും 2010-ലും 40 ശതമാനവും 2011-ൽ 41 ശതമാനവും വിജയിച്ചു. അല്പമെങ്കിലും മെച്ചം കേരള സർവകലാശാലയാണ്. കോഴിക്കോട് സർവകലാശാലയിൽ ചുരുക്കം ചില കോളേജുകളിൽ മാത്രമാണ് അല്പമെങ്കിലും മെച്ചപ്പെട്ട വിജയമുള്ളത്. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പും തക്കതായ നടപടിയെടുക്കണം; ഇതിന്റെ കാരണങ്ങൾ കണ്ടെത്ത

ണം. ഇത്തരത്തിൽ കുട്ടികളെ തോൽപ്പിക്കാൻവേണ്ടി കുറെ കോളേജുകളും കോഴ്സുകളും നടത്തേണ്ടതുണ്ടോയെന്നത് വളരെ ഗൗരവത്തോടെ ആലോചിക്കണം. ഇതിനുള്ള പരിഹാരം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് മേഖലകളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ മികച്ച വിജയമാണുള്ളത്. ഈ കോളേജുകളിൽ വിദ്യാർത്ഥികൾ കൂട്ടമായി തോൽക്കുന്നില്ല. എന്നാൽ ചില സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ വിജയശതമാനം കുറവുള്ളതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള അടിസ്ഥാന ഭൗതിക സൗകര്യങ്ങളും പഠനനിലവാരവും യോഗ്യതയുള്ള അദ്ധ്യാപകരുമുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ ഇൻസ്പെക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. പ്രസ്തുത ഇൻസ്പെക്ഷൻ കമ്മിറ്റികൾ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളുൾപ്പെടെയുള്ള സ്വാശ്രയ കോളേജുകൾ സന്ദർശിച്ച് പരിശോധന നടത്തി റിപ്പോർട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിക്കുകയുണ്ടായി. കമ്മിറ്റിയുടെ റിപ്പോർട്ടിൻപ്രകാരം ന്യൂനതകളുള്ളതായി ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങളുടെ മേധാവികളെ ഉന്നത വിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നേരിട്ട് വിളിച്ചുവരുത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇതിനുപുറമെ സ്വാശ്രയകോളേജുകളിലെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം

വിജയ ശതമാനത്തിലും പഠന നിലവാരത്തിലും നിശ്ചിത മാനദണ്ഡം പാലിക്കാത്ത കോളേജുകൾക്ക് ഭാവിയിൽ പുതിയ കോഴ്സുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. എം.ടെക് യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ എയ്ഡഡ് സ്വാശ്രയ മേഖലകളിൽ കൂടുതൽ എം.ടെക് കോഴ്സുകൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി ഐ.എച്ച്.ആർ.ഡി-യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. യോഗ്യതാ പരീക്ഷയിൽ കണക്കിന്റെ മാർക്ക് 40 ശതമാനമായി എ.ഐ.സി.റ്റി.ഇ കുറച്ചിട്ടുണ്ടെങ്കിലും ഗുണനിലവാരം നിലനിർത്തുന്നതിനായി യോഗ്യതാ പരീക്ഷയിലെ കണക്കിന്റെ മാർക്ക് 50 ശതമാനത്തിൽതന്നെ നിലനിർത്തുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ചുരുക്കത്തിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് മൂല്യത്തകർച്ചയുണ്ടാകാതിരിക്കാൻ സാധ്യമായ എല്ലാ മുൻകരുതലുകളും സർക്കാർ സ്വീകരിച്ചുവരികയാണെന്നുള്ള വിവരം അറിയിക്കുന്നു.

## സബ് ഇൻസ്പെക്ടർമാർക്ക് ട്രെയിനിംഗ്

ശ്രീ. എ. റ്റി. ജോർജ് : സർ, ദേശീയ പോലീസ് കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള നവീകരണ പ്രവർത്തനങ്ങൾ കേരള പോലീസിന് ജനങ്ങളുടെ ഇടയിൽ മതിപ്പുളവാക്കിയിട്ടുണ്ടെന്നുമാത്രമല്ല, പോലീസിന്റെ ആത്മവീര്യം വർദ്ധിപ്പിക്കുകയും കുറ്റവാളികളെ കണ്ടുപിടിക്കാനും കുറ്റകൃത്യങ്ങൾ കുറയ്ക്കുവാനും നിയന്ത്രിക്കുവാനുംകഴിയുന്നതൊക്കെ ആശാവഹമാണ്. ഈ സന്ദർഭത്തിലാണ് ദേശീയ പോലീസ് കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് രൂപീകൃതമായ

സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസിലേയ്ക്ക് കേരളത്തിലെ വിവിധ എ.ആർ. ക്യാമ്പുകളിൽ നിന്നായി 32-ഓളം ഡയറക്ട് സബ് ഇൻസ്പെക്ടർമാരെ 11/4/2012-ലെ ഓർഡർ നം. എൽ.5/110017/11 പ്രകാരം ഡി.ജി.പി. അഡ്മിറ്റ് ചെയ്തിട്ടുള്ളത്. ചെറുപ്പക്കാരായ ഈ എസ്.ഐ.-മാരെ ജനസേവനത്തിനുതകുന്ന തരത്തിൽ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതിനാവശ്യമായ ട്രെയിനിംഗ് ഇതുവരെ നൽകിയിട്ടില്ല. അത് നൽകി ഇവരെ ജനസേവനത്തിന് ഉപയോഗിക്കുവാനാവശ്യമായ സത്വര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട അംഗം എ. റ്റി. ജോർജ് പറഞ്ഞത് ഗവൺമെന്റ് തത്വത്തിൽ അംഗീകരിക്കുകയാണ്. ജില്ലാ ആംഡ് റിസർവിനേയും ജനറൽ എക്സിക്യൂട്ടീവിനേയും സംയോജിപ്പിച്ചുകൊണ്ട്. കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസ് എന്ന പേരിൽ ഒരു സിംഗിൾ കേഡർ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവുപ്രകാരം കേരള സിവിൽ പോലീസ് കേഡറിലേയ്ക്ക് ഓപ്ഷൻ നൽകിയിട്ടുള്ള ആംഡ് റിസർവ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, ആംഡ് സബ് ഇൻസ്പെക്ടർ എന്നിവർക്ക് പോലീസ് സ്റ്റേഷനുകളിൽ ഒരു വർഷത്തെ പ്രാക്ടിക്കൽ ട്രെയിനിംഗിന് നിർദ്ദേശിച്ചിട്ടുണ്ട്. കേരളാ സിവിൽ പോലീസിലേയ്ക്ക് ഓപ്ഷൻ നൽകിയിട്ടുള്ള ഡയറക്ട് റിക്രൂട്ട്മെന്റ് റിസർവ് ഇൻസ്പെക്ടർമാർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വൈകാതെതന്നെ ഇവരെ പ്രാക്ടിക്കൽ ട്രെയിനിംഗിന് പോലീസ് സ്റ്റേഷനുകളിൽ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവ് നൽകുന്നതാണ്.

## സേവന നികുതി

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള പ്രവാസി ഇൻഡ്യക്കാരെ സംബന്ധിച്ച് വളരെയേറെ ആശങ്കയും ചർച്ചയും നടക്കുന്ന വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പ്രവാസിമലയാളികൾ ഇൻഡ്യയിലേയ്ക്ക് അയയ്ക്കുന്ന പണത്തിന് അവർ ബാങ്കിന് കൊടുക്കുന്ന ചാർജ്ജിൽ നിന്നും 12.36 ശതമാനം സേവന നികുതി ഏർപ്പെടുത്തുമെന്നും അത് ജൂലൈ ഒന്ന് മുതൽ പ്രാവർത്തികമാക്കുമെന്നും കേന്ദ്രഗവൺമെന്റും ധനകാര്യവകുപ്പും നേരത്തേ പ്രഖ്യാപിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. കെ. സി. ജോസഫും പ്രധാനമന്ത്രിയെ കണ്ടതിനുശേഷം ഇതുമായി ബന്ധപ്പെട്ട് ആശങ്ക വേണ്ടെന്ന നിലപാട് പ്രധാനമന്ത്രി വ്യക്തമാക്കിയിട്ടുണ്ടെങ്കിൽപ്പോലും ഇപ്പോഴും വിദേശ മലയാളികളുടെ ഇടയിൽ ആശങ്ക നിലനിൽക്കുകയാണ്. ബാങ്കുകാർ ഈ ചാർജ്ജ് വിദേശമലയാളികളുടെ കയ്യിൽ നിന്നും അഡീഷണലായി ഈടാക്കുമോ എന്നുള്ളതാണ് പ്രവാസി മലയാളികൾക്കുള്ള ആശങ്ക. അതോടൊപ്പം പ്രവാസി മലയാളികൾ മറ്റ് ബുദ്ധിമുട്ടുകളും നേരിടുകയാണ്. ഇപ്പോൾ അവധിക്കാലമാണ്. അവധിക്കാലത്ത് വിമാനച്ചാർജ്ജ് അമിതമായി കൂട്ടുകയാണ്. മലയാളികളെ മാത്രം ബാധിക്കുന്ന രീതിയിൽ വിമാനചാർജ്ജ് വർദ്ധനവുണ്ടാവുകയാണ്. കേരളത്തിന് സ്വന്തമായി ഒരു എയർ സർവ്വീസ് തുടങ്ങുകയെന്ന ആശയം മുമ്പ് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്ന കാലത്തുവന്ന ആശയമാണ്. അതോടൊപ്പം ഗൾഫിൽ നിന്നും നാട്ടിലേയ്ക്ക് വരുന്ന ആളുകൾക്ക് 1960 കാലഘട്ടങ്ങളിൽ നിലനിന്നിരുന്ന കസ്റ്റംസ് റൂൾസാണ് ഇപ്പോഴും നിലനിൽക്കുന്നത്. അതിനിട

യിൽ സാധനങ്ങൾക്കൊക്കെ വിലയിൽവന്ന വ്യതിയാനമൊന്നും അവിടെ ബാധകമാകുന്നില്ല. മൊത്തത്തിൽ പ്രവാസി മലയാളികളെ ചൂഷണം ചെയ്യുന്ന രീതിയിലും അവർക്ക് ആശങ്ക ഉണ്ടാക്കുന്ന രീതിയിലും വളരെ യേറെ ഗൗരവപൂർവ്വമായ സമീപനം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുവെന്നും അവർക്ക് സഹായകരമായ നിലപാട് ഉണ്ടാ കുന്നില്ലെന്നും ഗൾഫിലുള്ള മലയാളികൾ ഉൾപ്പെടെയുള്ള ആളുകൾ ആശ ങ്കയോടെ ചർച്ച ചെയ്യുകയാണ്. ഗൾഫിൽ എല്ലാ മാധ്യമങ്ങളും സംഘടന കളും ചർച്ച ചെയ്യുന്നത് ഇതുമാത്രമാണ്. ഗൾഫിൽ നിന്ന് വരുന്നവരും വിളി ക്കുന്നവരുമൊക്കെ ഈ ആശങ്ക പങ്കുവച്ചുകൊണ്ടിരിക്കുകയാണ്. കേരള ത്തിലെ ജനങ്ങളുടേയും കേരള നിയമസഭയുടേയും പൊതുവികാരം ഈ രണ്ട് കാര്യത്തിലുമുണ്ടാകണം. സേവന നികുതിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരിക്കലും ബാങ്കുകളുടെ കയ്യിൽ നിന്നും ഈടാക്കുന്ന പണം വിദേശ മലയാളികളിൽ നിന്നും ഈടാക്കില്ലെന്ന് ഉറപ്പുവരുത്തണം. അതോടൊപ്പം, വിമാന സർവ്വീസുകൾ നടത്തുന്ന വിമാന കമ്പനികൾ അവധിക്കാലങ്ങളിൽ ഗൾഫ് മലയാളികളെ ചൂഷണം ചെയ്യുന്ന സമീപനം അവസാനിപ്പിക്കണം. കസ്റ്റംസ് ക്ളിയറൻസുമായി ബന്ധപ്പെട്ട് റൂൾസിൽ മാറ്റം വരുത്തണം. ഈ കാര്യങ്ങളിൽ കേരളത്തിന്റെയും ഈ സഭയുടെയും വികാരം പ്രകടിപ്പിക്കണമെന്നാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ശ്രീ. റ്റി. എൻ. പ്രതാപൻ ഉന്നയിച്ചത് വളരെയേറെ ഗൗരവമുള്ള വിഷയങ്ങളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ഇന്നലെ ഡൽഹിയിൽ വച്ച് പ്രധാനമന്ത്രിയേയും കേന്ദ്ര പ്രവാസികാര്യവകുപ്പുമന്ത്രി ശ്രീ. വയലാർ രവിയേയും കണ്ട അവസ

രത്തിൽ ഇക്കാര്യങ്ങളെല്ലാം ഗൗരവമായി ഉന്നയിക്കുകയുണ്ടായി. സർവ്വീസ് ടാക്സ് സംബന്ധിച്ച് മാധ്യമങ്ങളിൽ വരുന്ന വാർത്ത ഒരിക്കലും ശരിയല്ല. പ്രധാനമന്ത്രി ഞങ്ങളോട് പറഞ്ഞത്, പ്രവാസികൾ അയയ്ക്കുന്ന പണത്തിന് ബാങ്കുകൾ വാങ്ങുന്ന കമ്മീഷന്റെ 12.3 ശതമാനമാണ് സർവ്വീസ് ടാക്സ് എന്നാണ്. ആ കമ്മീഷൻ കൊടുക്കേണ്ടത് പ്രവാസികളല്ല, ബാങ്കുകാരാണ്. ഒരുതരത്തിലും നിലവിലുള്ള കമ്മീഷനിൽ നിന്ന് പ്രവാസി സമൂഹത്തിന് ഒരു പൈസപോലും അധികമായി വർദ്ധനവുണ്ടാകില്ല. എങ്കിലും ശ്രീ. റ്റി.എൻ. പ്രതാപൻ ചൂണ്ടിക്കാണിച്ചതുപോലെ ബാങ്കുകാർ ഈ ലയബിലിറ്റി പ്രവാസികൾക്ക് കൈമാറുമോയെന്ന കാര്യത്തിൽ ആശങ്കയുണ്ട്. അത് ഗൗരവമായി കണക്കിലെടുക്കാം. തീർച്ചയായും ഈ ടാക്സ് ബാങ്കുകാർ തന്നെ കൊടുക്കണമെന്നും പ്രവാസികളിൽ നിന്നും വാങ്ങാൻ പാടില്ലെന്നും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. രണ്ടാമത്തെ കാര്യം, വിമാന ചാർജ്ജ് വർദ്ധനവാണ്. ഇപ്പോൾ വിമാനചാർജ്ജിന്റെ കൺസെപ്റ്റ് മാറി. മുമ്പ് കൊച്ചി - ഡൽഹി, തിരുവനന്തപുരം-ഡൽഹി യാത്രകൾക്ക് ഒരേ ചാർജ്ജായിരന്നു. ഇപ്പോൾ ഫ്ളൈറ്റിൽ ഒരേ സീറ്റിൽ മൂന്ന് പേർ ഇരുന്ന് യാത്ര ചെയ്താൽ മൂന്ന് ചാർജ്ജാണ് ഈടാക്കുന്നത്. പ്രത്യേകിച്ച് സീസണാകുമ്പോൾ ചാർജ്ജ് വർദ്ധിക്കുന്നു. ഇതൊരു നയവ്യതിയാനമാണ്. തീർച്ചയായും സീസൺ പീരിഡിൽ, പ്രത്യേകിച്ച് ഗൾഫ്മലയാളികൾ നാട്ടിലേയ്ക്ക് വരുന്ന കാലഘട്ടങ്ങളിൽ അമിതമായി വിമാനചാർജ്ജ് ഈടാക്കി അവരെ ചൂഷണം ചെയ്യുന്ന നടപടിയെക്കുറിച്ച് ഇന്നലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വിമാനക്കമ്പനികൾ അവസരം മുതലെടുത്ത് പ്രവാസികളെ ചൂഷണം ചെയ്യാൻ പാടില്ലെന്നാണ് ഗവൺമെന്റിന്റെ സമീപനം. മൂന്നാമത്തെ കാര്യം, എയർ കേരള എക്സ്പ്ര

സ്സിനെക്കുറിച്ച് നേരത്തെ ഗവൺമെന്റ് ആലോചിച്ചതാണ്. 5 കൊല്ലം തുടർച്ച യായി ഡൊമസ്റ്റിക് സർവ്വീസ് നടത്തിയവർക്കുമാത്രമേ ഇന്റർനാഷണൽ ലെവലിൽ ഓപ്പറേഷൻ അനുവദിക്കുകയുള്ളൂ. എങ്കിലും ഗൾഫിൽ നിന്നും കേരളത്തിലേയ്ക്ക് വരാനുള്ള സൗകര്യമുണ്ടാകണമെന്നുള്ളത് പ്രവാസിക ളുടെ ആവശ്യമാണ്. തീർച്ചയായും എമർജിംഗ് കേരള മീറ്റിൽ എയർ കേരള എക്സ്പ്രസ്സിന്റെ കാര്യം ഗൗരവമായി ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. മറ്റൊന്ന്, കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന ഗോൾഡിന്റെ കാര്യമാണ്. ഒരു പുരുഷന് 10,000 രൂപയുടെയും സ്ത്രീക്ക് 20,000 രൂപയുടെയും ഗോൾഡാണ് ധരിക്കാൻ കഴിയുന്നത്. ഇത് വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ച താണ്. ഇപ്പോൾ സ്വർണ്ണത്തിന് ഒരു പവനുതന്നെ ഏതാണ്ട് 25,000 രൂപയോ ളമായി. ഒരു താലിയോ, താലിമാലയോ, വിവാഹ മോതിരമോപോലും ധരിക്കാൻ ഈ നിലയിൽ സാധിക്കില്ല. ഇക്കാര്യവും ശ്രീ. റ്റി. എൻ. പ്രതാ പൻ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും ഇക്കാര്യത്തിൽ ഗൗരവമായ പരിഗണനയുണ്ടാകും. നിലവിൽ സ്വർണ്ണം ധരിക്കാനുള്ള അവകാശം പുരു ഷന് 5 പവനും സ്ത്രീക്ക് 10 പവനുമെന്ന നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ഗ്രാന്റ് വർദ്ധിപ്പിക്കൽ

ശ്രീ. സി.പി. മുഹമ്മദ് : സർ, കേരളത്തിലെ ലൈബ്രറികൾക്കും സാസ്കാരിക സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റ് വളരെ അപര്യാപ്തമാണ്. ഗ്രന്ഥശാലാ സംഘത്തിന് നൽകുന്ന ഗ്രാന്റ് വിവിധ ജില്ലകളുടെ കണക്കെടു ത്താൽ വലിയ അന്തരമുണ്ട്. പല കാര്യങ്ങളിലും കുറ്റം പറയുമെങ്കിലും ഏറ്റവും കൂടുതൽ ലൈബ്രറികളുള്ളത് കണ്ണൂർ ജില്ലയിലാണ്. സാംസ്കാരിക

സ്ഥാപനങ്ങൾ അവയുടെ ദൈനംദിന ചെലവുകൾക്കുപോലും ഫണ്ടില്ലാതെ വിഷമിക്കുകയാണ്. ഈ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രഖ്യാപിതമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നയാപൈസ പോലും ചെലവഴിക്കാൻ സാധിക്കാത്ത വിധത്തിലാണ് അവയുടെ പ്രവർത്തനം മുന്നോട്ടുപോകുന്നത്. പ്രഗൽഭരായ സാഹിത്യകാരന്മാരുടേയും സാംസ്കാരിക നായകന്മാരുടേയും പേരിലുള്ള ഈ സ്ഥാപനങ്ങൾ ഫണ്ടില്ലാത്തതുകൊണ്ട് പ്രവർത്തനം നട ത്താൻ സാധിക്കാത്ത നിലയിലാണ്. ലൈബ്രറി കൗൺസിലിൽ ആണെങ്കിൽ ധൂർത്തും കെടുകാര്യസ്ഥതയും നിത്യേന നടന്നുകൊണ്ടിരിക്കുന്നു. ആറായി രത്തിലധികം ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് പരിപൂർണ്ണമായി കൊടുക്കാൻ സാധിക്കുന്നില്ല. ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകരിക്കുന്നുമില്ല. ആസ്ഥാന മന്ദിരം പൊളിച്ചു നീക്കിയശേഷം 40,000 രൂപ വാടകയ്ക്ക് ഒരു കെട്ടിടം എടുത്തിരിക്കുക യാണ്. ഇതിലെല്ലാം വലിയ ദുരൂഹതകളുണ്ട്. ഇക്കാര്യങ്ങലെല്ലാം അന്വേ ഷണം നടത്തുകയും പുസ്തകങ്ങളുടെ വിലവർദ്ധനവിനനുസരിച്ച് ഗ്രന്ഥശാലകൾക്ക് കൊടുക്കുന്ന ഗ്രാന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന തിനുവേണ്ടി സാംസ്കാരിസ്ഥാപനങ്ങളുടെ ഗ്രാന്റ് വർദ്ധിപ്പിക്കുകയും ചെയ്യണം. മദ്യം വിൽക്കുന്നതിൽനിന്നും 50 ശതമാനമാണ് ലൈബ്രറി കൗൺസിലിന് കൊടുക്കുന്നതെന്നാണ് അറിവ്. അത് ഒരു രൂപയാക്കുകയോ അല്ലെങ്കിൽ ലൈബ്രറി കൗൺസിലിന് കൊടുക്കുന്നത് കഴിച്ച് ബാക്കി സാംസ്കാരിക സ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കുകയോ ചെയ്താൽ നന്നാ യിരിക്കും. ഈ കാര്യം ഗവൺമെന്റ് അടിയന്തരമായി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ.കെ. സി. ജോസഫ്): സർ, പരിണിതപ്രജ്ഞനായ ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് ഉന്നയിച്ചത് രണ്ടു വിഷയങ്ങളാണ്. ഒന്ന്, ഗ്രന്ഥശാലകളുടെ ഗ്രാന്റിന്റെ കാര്യവും മറ്റൊന്ന്, സാംസ്കാരിക സ്ഥാപനങ്ങളുടെ കാര്യവുമാണ്. ഗ്രന്ഥശാലകൾ ഉൾപ്പെടുന്നട വകുപ്പ് കൈകാര്യം ചെയ്യുന്നത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ്. ആണ് അതുകൊണ്ട് എനിക്ക് അക്കാര്യത്തിന് ഉത്തരം പറയാൻ സാധിക്കില്ല. പക്ഷെ സാംസ്കാരിക സ്ഥാപനങ്ങളുടെ ഗ്രാന്റ് സംബന്ധിച്ച് മെമ്പർ പറഞ്ഞ കാര്യം ഗൗരവമുള്ളതാണ്. സംസ്ഥാന ഗവൺമെന്റ് ഇത്തവണ ബഡ്ജറ്റിൽ നിന്നും വ്യത്യസ്തമായി സാംസ്കാരിക സ്ഥാപനങ്ങൾക്ക് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. കലാ-സാംസ്കാരിക സംഘടനകൾക്ക് അനാവർത്തക ഗ്രാന്റ് നൽകുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 40 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 5.74 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഈ സാമ്പത്തിക വർഷം ഈ ഇനത്തിലെ വിഹിതം 45 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രമുഖരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ധനസഹായം കഴിഞ്ഞ വർഷത്തെ ഒരു കോടി രൂപയിൽ നിന്നും ഒന്നേകാൽ കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ പ്രശസ്തരായ സാഹിത്യകാരൻമാരുടേയും സാംസ്കാരിക നായകൻമാരുടേയും പേരിലുള്ള സ്ഥാപനങ്ങളുടെ പുന:രുദ്ധാരണം, ശാക്തീകരണം എന്നിവയ്ക്കുവേണ്ടി പുതുതായി ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഇന്നത്തെ വർദ്ധിച്ച ചെലവിനനുസരിച്ച് സാംസ്കാരിക

സ്ഥാപനങ്ങളുടെ ഫണ്ട് അപര്യാപ്തമാണ്. അതുകൊണ്ട് സംസ്ഥാനത്ത് സാംസ്കാരിക സ്ഥാപനങ്ങളുടെ ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ കൂടി അംഗമായ കമ്മിറ്റി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ തീർച്ചയായും കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകുന്ന ഫണ്ട് വർദ്ധിപ്പിക്കുന്നതായിരിക്കും.

## കൂളിയാട്ട് കടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. എം. ചന്ദ്രൻ: സർ, അടിയന്തരമായി അങ്ങയുടെ ശ്രദ്ധ ഉണ്ടാകുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആലത്തൂർ നിയോജകമണ്ഡലത്തിലെ എരുമയൂർ-മേലാർകോട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും നാട്ടുകാർക്ക് വളരെയേറെ അത്യാവശ്യവുമായ ഒരു പാലമാണ് കൂളിയാട്ട് കടവ് പാലം. നിരവധി വർഷത്തെ പ്രയത്നത്തിന്റെ ഫലമായിട്ടാണ് 14/8/2009-ൽ 385 ലക്ഷം രൂപയുടെ ഭരണാനുമതി ഈ പാലത്തിന് ലഭിച്ചത്. എന്നാൽ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഉദ്യോഗസ്ഥർ വളരെയേറെ കാലതാമസം വരുത്തി. ഇതിനിടയിൽ രണ്ട് പ്രാവശ്യം എസ്.ഒ.ആർ. പുതുക്കുകയുണ്ടായി. ഇപ്പോഴാണ് അതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചത്. 2010-ലെ പുതുക്കിയ എസ്.ഒ.ആർ. പ്രകാരം 620 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കുവേണ്ടി 22/6/2012-ൽ ചീഫ് എൻജിനീയർ പി.ഡബ്ല്യൂ.ഡി. പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇനി കാലതാമസം വരുത്താതെ ഇപ്പോൾ സമർപ്പിച്ചിട്ടുള്ള 620 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അടിയന്തരമായി ഭരണാ

നുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാലതാമസം വർദ്ധിച്ചാൽ, ഇനിയും എസ്.ഒ.ആർ. പുതുക്കിയാൽ ഈ പാലംതന്നെ നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാകുമെന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് ഇതിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ,

കൂളിയാട്ട് കടവ് പാലം നിർമ്മാണത്തിന് സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 14/8/2009-ൽ 380 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 2.4 ലക്ഷം രൂപയ്ക്ക് ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭാഗീക-സാങ്കേതികാനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജി.എ.ഡി. അംഗീകരിച്ചിട്ടുമുണ്ട്. ഇപ്പോൾ 620 ലക്ഷം രൂപയ്ക്കുള്ള വിശദമായ എസ്റ്റിമേറ്റിന്മേൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ഒരു പ്രൊപ്പോസൽ 28/6/2012-ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു. പ്രസ്തുത പണിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ ഒരു ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ പാലം പണിയുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി പണി ആരംഭിക്കുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

## കല്ലൂപ്പാറ ശ്രീഭഗവതി ക്ഷേത്രത്തിൽ നടന്ന അക്രമപ്രവർത്തനം

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, എന്റെ മണ്ഡലത്തിലെ മല്ലപ്പള്ളി താലൂക്കിൽ കല്ലൂപ്പാറ എന്ന സ്ഥലത്ത് ജനങ്ങൾ ഇന്ന് രാവിലെ ഉറക്കമെണീറ്റത് ഞെട്ടിക്കുന്ന ഒരു വാർത്ത കേട്ടുകൊണ്ടാണ്. കല്ലൂപ്പാറ

ശ്രീഭഗവതി ക്ഷേത്രത്തിൽ ഇന്നലെ രാത്രി വൈകിയോ ഇന്ന് പുലർച്ചയോ തസ്കരൻമാർ അതിക്രമിച്ച് കയറുകയും അവിടെ താമസക്കാരനായിരുന്ന കൈമൾ എന്നയാളെ  വധിക്കുകയും സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രൻ എന്നയാളെ കെട്ടിയിട്ട് പരുക്കേൽപ്പിക്കുകയും ചെയ്ത നിലയിലാണ് രാവിലെ കണ്ടെത്തിയിരിക്കുന്നത്.  ഈ അമ്പലത്തിൽ നിന്നും ഏതാണ്ട്  700 മീറ്റർ മാറിയാണ് സെക്യൂരിറ്റിക്കാരനെ കെട്ടിയിട്ടിരുന്നത്.  അമ്പലത്തിലെ താഴികക്കുടം മോഷ്ടിച്ചുകൊണ്ടുപോയിട്ടുണ്ട്.  അമ്പലത്തിനുള്ളിലെ തിരുവാഭരണം, നിലയങ്കി, മുഖം, പവിഴമാല  എന്നിങ്ങനെ കോടിക്കണക്കിന് രൂപ മൂല്യമുള്ള സാധനങ്ങൾ നഷ്ടപ്പെട്ടോ എന്നത് രാവിലെ സബ്മിഷന് നോട്ടീസ് നൽകുന്ന സമയത്ത് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഒരുപക്ഷേ ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിൽ ലേറ്റസ്റ്റായ വിവരങ്ങൾ കാണുമായിരിക്കും. അവിടെ ചുമതലയുണ്ടായിരുന്ന ഒരു എസ്.ഐ.-യെ കഴിഞ്ഞയാഴ്ച അവിടെനിന്ന് മാറ്റി. അതിന് പിന്നിൽ ചില അദൃശ്യകരങ്ങളുണ്ട്. ഞാൻ അതിന്റെ രാഷ്ട്രീയത്തിലേയ്ക്ക് കടക്കുന്നില്ല.  മണൽ മാഫിയയും മറ്റ് മാഫിയകളും സജീവമായിട്ടുള്ള പ്രദേശത്ത് വളരെ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന ഒരു എസ്.ഐ.-യെ മാറ്റിയതിന്റെ പിന്നിൽ മന്ത്രിയുണ്ടെന്ന് ഞാൻ പറയുന്നില്ല, പക്ഷെ ചില കറുത്ത കരങ്ങളുണ്ട്. ഇപ്പോൾ അവിടെ കൊലപാതകം വരെ നടന്നു. ഈ കൊലപാതകം നടത്തിയ കുറ്റക്കാരെ ഉടനടി കണ്ടെത്തുവാൻ, നഷ്ടപ്പെട്ട അമൂല്യവസ്തുക്കൾ വീണ്ടെടുക്കുവാൻ അടിയന്തര നടപടിയുണ്ടാകണം.  ഇപ്പോൾ അവിടെ പോലീസ് എത്തിയിട്ടുണ്ട്.  ശാസ്ത്രീയമായ രീതിയിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്താൻ, ഈ വസ്തുക്കൾ തിരിച്ചെടുത്ത് ക്ഷേത്രത്തിൽ പുന:സ്ഥാപിക്കാൻ നടപടിയുണ്ടാകണം.  ഇന്ന് അവിടെ ഹർത്താൽ

ആചരിക്കുകയാണ്. ജാതി-മത-ഭേദമെന്യേ ജനങ്ങളെ മുഴുവൻ ഞെട്ടിച്ച ഈ സംഭവത്തിൽ അവിടത്തെ ജനപ്രതിനിധി എന്ന നിലയിൽ എന്റെ ശക്ത മായ പ്രതിഷേധം ഞാൻ അറിയിക്കുന്നു. ഇന്നുതന്നെ ഈ സബ്മിഷൻ ഉന്നയിക്കാൻ അവസരം തന്ന ചെയറിനോടും മറുപടി പറയാൻ തയ്യാറായ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോടും പ്രത്യേകമായ നന്ദി പറയുന്നു.. ആ നാട്ടിലെ ജനങ്ങളുടെ വികാരങ്ങളോട് ഐക്യപ്പെട്ടു കൊണ്ടുളള ഒരു മറുപടി ഞാൻ പ്രതീക്ഷിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ സംഭവത്തിന്റെ ഗൗരവം ഉൾക്കൊണ്ടു കൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട മാത്യൂ റ്റി. തോമസ് ഈ വിഷയവു മായി ബന്ധപ്പെട്ട് നോട്ടീസ് കൊടുത്തപ്പോൾത്തന്നെ സബ്മിഷനായി അംഗീകരിക്കുന്നതിൽ വിരോധമില്ല എന്ന് ഞാൻ ബഹുമാനപ്പെട്ട ചെയറിനെ അറിയിച്ചത്. പത്തനംതിട്ട ജില്ലയിലെ കീഴ്വായ്പൂർ പോലീസ് സ്റ്റേഷൻ പരി ധിയിൽപ്പെട്ട കല്ലൂപ്പാറയിലുള്ള കല്ലൂപ്പാറ ഹൈന്ദവ സേവാ സമിതി വക ശ്രീഭഗവതി ക്ഷേത്രത്തിൽ 3/7/2012-ന് രാത്രി ഏതോ മോഷ്ടാക്കൾ കയറി ക്ഷേത്രത്തിലെ സെക്യൂരിറ്റി ജീവനക്കാരനായ കൈമളിനെ അടുത്തുള്ള കൽത്തൂണിൽ കെട്ടിയിട്ട് കൊലപ്പെടുത്തുകയും അയാളുടെ സഹായിയായ ചന്ദ്രശേഖരപിള്ളയെ വായമൂടിക്കെട്ടി പരിക്കേൽപ്പിക്കുകയും ചെയ്തു. പരി ക്കേറ്റ ചന്ദ്രശേഖരപിള്ളയെ കുമ്പനാട് ഫെലോഷിപ്പ് ആശുപത്രിയിൽ പ്രവേ ശിപ്പിച്ചിട്ടുണ്ട്. തങ്കഷീറ്റിൽ പൊതിഞ്ഞതും 20 പവനോളം തൂക്കം വരുന്ന തുമായ താഴികക്കുടം നഷ്ടപ്പെട്ടിട്ടുണ്ട്. ശ്രീകോവിൽ തുറന്ന നിലയിലായി രുന്നു. ഇതുവരെയുള്ള പരിശോധനയിൽ ശ്രീകോവിലിൽ നിന്നും

യാതൊന്നും നഷ്ടപ്പെട്ടതായി ഇപ്പോൾ ബോധ്യപ്പെട്ടിട്ടില്ല. പരിശോധന നടക്കുന്നതേയുള്ളൂ. ഫിംഗർ പ്രിന്റ് വിദഗ്ദ്ധർ, ഫോറൻസിക് സയൻസ് ലാബോറട്ടറി വിദഗ്ദ്ധർ, ഡോഗ്സ്ക്വാഡ് തുടങ്ങിയ വിഭാഗങ്ങൾ സംഭവസ്ഥലം സന്ദർശിച്ച് തെളിവെടുപ്പ് നടത്തിവരുന്നുണ്ട്. പത്തനംതിട്ട പോലീസ് മേധാവി സ്ഥലത്ത് ക്യാമ്പ് ചെയ്ത് അന്വേഷണത്തിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഈ സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് ടെമ്പിൾ തെഫ്റ്റ് സ്ക്വാഡിലെ പോലീസ് സൂപ്രണ്ട് അടക്കമുള്ള ഉദ്യോഗസ്ഥരെ ആ സ്ഥലത്തേയ്ക്ക് അയച്ചിട്ടുണ്ട്. അങ്ങ് ഇതിനകത്ത് ഒരു സംവിധാനത്തെക്കുറിച്ച് ഒരു വാക്കിലാണെങ്കിലും പറഞ്ഞു. അതെന്താണെന്ന് ഞാൻ പരിശോധിക്കും. പരിശോധിച്ചിട്ട് യുക്തമല്ലാത്ത രൂപത്തിലാണെന്ന് കാണുകയാണെങ്കിൽ അതിൻമേലും നടപടി സ്വീകരിക്കും.

* * * * * * * * * * * * * * * *